**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5451** **21-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന വകുപ്പിന് കീഴിലുള്ള തസ്തികകളിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ ക്ഷീരവികസന വകുപ്പിന് കീഴിൽ നിലവിൽ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് അറിയിക്കാമോ; | (എ) | വയനാട് ജില്ലയിൽ ക്ഷീര വികസന വകുപ്പിൽ നിലവിൽ വിവിധ തസ്തികകളിലായി 33(മുപ്പത്തിമൂന്ന്) സ്ഥിരം ജീവനക്കാരും, ക്ഷീരവികസന ഓഫീസർ തസ്തികയിൽ രണ്ട് താൽക്കാലിക ജീവനക്കാരുമാണുള്ളത്. ജീവനക്കാരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ജില്ലയിൽ ക്ഷീരവികസന വകുപ്പിൽ ഏതെങ്കിലും തസ്തികകളിൽ ഒഴിവുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നാല് ഒഴിവുകളുണ്ട്. രണ്ട് പേർ Diploma in Dairy Science(DDS) കോഴ്സിനായി പോയിരിക്കുന്നതിനാൽ ഫലത്തിൽ ആറ് ഒഴിവ് .<br><br>ക്ഷീര വികസന ഓഫീസറുടെ തസ്തികയിൽ 2 ഒഴിവുകളുണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത തസ്തികകളിൽ എത്ര കാലമായി ഒഴിവുകളുണ്ടെന്നും ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ? | (സി) | നിലവിലുള്ള ഒൻപത് ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നാല് ഒഴിവുകളുണ്ട്. 2022 ജൂൺ മാസം മുതലാണ് ഒഴിവ് വന്നത്. രണ്ട് ഡയറി ഫാം ഇൻസ്ട്രക്ടർമാർ Diploma in Dairy Science(DDS) കോഴ്സ് പഠനത്തിനായി പോയിരിക്കുന്നതിനാൽ ഫലത്തിൽ ആറ് ഒഴിവ് ആണുള്ളത്. ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ആയതിൽ നിന്നുള്ള നിയമന നടപടികൾ നടന്നുവരുന്നു.<br><br>ക്ഷീര വികസന ഓഫീസറുടെ തസ്തികയിൽ 2022 ജൂൺ മുതൽ രണ്ട് ഒഴിവുകളുണ്ട്. ക്ഷീര വികസന ഓഫീസർമാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. ആയതിനാൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന രണ്ട് പേർ താൽക്കാലികമായിഈ തസ്തികകയിലേക്ക് നിയമിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| Sl.No. | Designation | Sanctioned strength | Present strength | No. of post vacant | Remarks |
|---|---|---|---|---|---|
| 01 | Deputy Director | 1 | 1 | Nil | |
| 02 | Asst. Director/ Tech. Assistant | 1 | 1 | Nil | |
| 03 | Quality Control Officer | 1 | 1 | Nil | |
| 04 | Senior superintendent | 1 | 1 | Nil | |
| 05 | Dairy Extension Officer | 4 | 2 | 2 | 2 പേർ താൽക്കാലികം (6 മാസത്തേക്ക് നിയമിതർ) |
| 06 | Dairy Farm Instructor | 9 | 5 | 4 | 2 പേർ DDS കോഴ്സിൽ, ഫലത്തിൽ 6 ഒഴിവ് |
| 07 | Head Clerk | 1 | 1 | Nil | |
| 08 | Senior Clerk | 3 | 3 | Nil | |
| 09 | Clerk | 4 | 4 | Nil | |
| 10 | Typist | 1 | 1 | Nil | |
| 11 | Driver | 1 | 1 | Nil | |
| 12 | Lab Technician | 1 | 1 | Nil | |
| 13 | Office Attendant | 6 | 6 | Nil | |
| 14 | Part Time Sweeper | 3 | 3 | Nil | |
| 15 | Casual Sweeper | 2 | 2 | Nil | |